# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1160 04.02.2019 ൽ മറുപടിക്ക്**

**ദേശീയ പാത മുത്തകുന്നം-ഇടപ്പള്ളി റീച്ചിലെ വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) എറണാകുളം ജില്ലയിൽ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള എൻ എച്ച് 66 മുത്തകുന്നം-ഇടപ്പള്ളി റീച്ചിൽ കഴിഞ്ഞ ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ വ്യാപകമായി വെള്ളം കയറി വാഹനങ്ങളും യാത്രക്കാരും അപകടത്തിൽപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ പ്രദേശത്ത് വരുന്ന ഏകദേശം 24 കിലോമീറ്റർ റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ എൻവയേൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ്,സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ്, ഫീസിബിലിറ്റി സ്റ്റഡി, പബ്ലിക് ഹിയറിങ് ഇവ നടത്തിയിട്ടുണ്ടോ; | ബി) എൻ.എച്ച് 66 രാമനാട്ടുകര (കി.മീ 263.140) മുതൽ ഇടപ്പള്ളി (കി.മീ 438.600) വരെയാണ്. 167 കി.മീ നീളമുള്ള ഈ ദേശീയപാത കേരളത്തിലെ കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിലൂടെ കടന്ന് പോകുന്നു. |
| സി) ഉണ്ടെങ്കിൽ ഈ പഠനങ്ങളിൽ പ്രസ്തുത പ്രളയവും ആയത് ദേശീയപാത ഗതാഗത യോഗ്യമല്ലാതാക്കിയതും പഠന വിഷയം ആയിരുന്നോ; | സി) ഡി) & ഇ) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതി ഉണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. (Environment Impact Assessment) തുടർന്ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ജനപ്രതിനിധി കളുടെയും യോഗം നടത്തി. അലൈൻമെന്റ് സ്ഥിരപ്പെടുത്തുകയും പ്രസ്തുത അലൈൻമെന്റിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും |
| ഡി) അങ്ങനെയെങ്കിൽ ഭാവിയിൽ ഇത്തരം സാഹചര്യം നേരിടാൻ എന്തൊക്കെ | |

നിർദ്ദേശങ്ങളാണ് ഈ പഠനങ്ങൾ മുന്നോട്ട് വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

ഇ) മേൽ സൂചിപ്പിച്ച പഠനങ്ങളിൽ, ദേശീയപാത വികസനത്തിന് വേണ്ടിയും എൻ എച്ച് 966A പാതയ്ക്കുവേണ്ടിയും 10-12 വർഷം മുൻപ് കുടിയിറക്കപ്പെട്ട ജനങ്ങൾ വീണ്ടും കുടിയിറക്കപ്പെടുന്നു എന്നത് പഠനവിഷയം ആയിരുന്നോ; ആയിരുന്നുവെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നിർദ്ദേശമാണ് മുന്നോട്ട് വച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച ആക്ഷേപങ്ങളിൽ പബ്ലിക് ഹിയറിംഗ് നടത്തി തീരുമാനമെടുക്കുന്നത് ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ (CALA, NH) ആണ്.

പ്രസ്തുത പദ്ധതി സമൂഹത്തിന് സൃഷ്ടിക്കുന്ന ആഘാതം സംബന്ധിച്ചും, ഇത് സമൂഹതാൽപര്യത്തിനനുസൃതമാണോ എന്നത് സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ട്.

S. Bindu

**സെക്ഷൻ ഓഫീസർ**